പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.4918 — 5.2.2014 ൽ മറുപടിയ്ക്ക്

വികലാംഗർക്ക് തിരിച്ചറിയൽ കാർഡ്

ചോദ്യം — മറുപടി

ശ്രീ.പി.ഉബൈദുള്ള — ഡോ. എം.കെ.മുനീർ (പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി)

| | |
|---|---|
| (എ) സംസ്ഥാനത്തെ വികലാംഗരുടെ കണക്കെടുപ്പും തിരിച്ചറിയൽ കാർഡ് വിതരണവും ഏതെല്ലാം സ്ഥാപനങ്ങൾ എത്ര പ്രാവശ്യം വീതം നടത്തിയിട്ടുണ്ടെന്നതിന്റെ വിശദവിവരം നൽകാമോ; | (എ) 2000 മുതൽ 2009 വരെ സാമൂഹ്യനീതി വകുപ്പിന്റെയും വികലാംഗകമ്മീഷണറുടെയും ആഭിമുഖ്യത്തിലും 2009 മുതൽ 2013 വരെ കേരള സാമൂഹ്യസുരക്ഷാ മിഷന്റെ ആഭിമുഖ്യത്തിലും വികലാംഗരുടെ തിരിച്ചറിയൽ കാർഡ് വിതരണം നടത്തിയിട്ടുണ്ട്. ഇവരുടെ കൃത്യമായ കണക്കെടുപ്പ് നടത്തിയിട്ടില്ല. |
| (ബി) സംസ്ഥാന വികലാംഗക്ഷേമ കോർപ്പറേഷൻ ഇതേവരെ എത്ര പ്രാവശ്യം തിരിച്ചറിയൽ കാർഡു വിതരണം നടത്തിയിട്ടുണ്ടെന്നും ഒട്ടാകെ എത്ര പേർക്ക് കാർഡ് നൽകിയിട്ടുണ്ടെന്നും എന്തു തുക ഇതിനായി ചെലവഴിച്ചിട്ടുണ്ടെന്നും വിശദമാക്കുമോ; | (ബി) കേരള സംസ്ഥാന വികലാംഗക്ഷേമ കോർപ്പറേഷൻ നാളിതുവരെ തിരിച്ചറിയൽ കാർഡ് വിതരണം നടത്തിയിട്ടില്ല. |
| (സി) സാമൂഹ്യസുരക്ഷാ മിഷൻ വികലാംഗരുടെ കണക്കെടുപ്പും കാർഡു വിതരണവും നടത്തിയിട്ടുണ്ടോ; എങ്കിൽ എത്ര പേർക്ക് കാർഡു വിതരണം നടത്തിയിട്ടുണ്ടെന്നും എന്തു തുക ചെലവഴിച്ചുവെന്നും അറിയിക്കുമോ; | (സി) കേരള സാമൂഹ്യസുരക്ഷാ മിഷൻ വികലാംഗരുടെ കണക്കെടുപ്പ് നടത്തിയിട്ടില്ല. പ്രാദേശിക/ബ്ലോക്ക്/ജില്ലാതല മെഡിക്കൽ ക്യാമ്പുകളിലൂടെ 2009 ഡിസംബർ മുതൽ 2013 ഡിസംബർ 31 വരെ 1434 മെഡിക്കൽ ഡിസെബിലിറ്റി സർട്ടിഫിക്കേഷൻ ക്യാമ്പുകളിലൂടെ 2,65,160 പേർക്ക് തിരിച്ചറിയൽ കാർഡ് നൽകിയിട്ടുണ്ട്. ഇതിനായി 9.1 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. |
| (ഡി) സംസ്ഥാന വികലാംഗക്ഷേമ കമ്മീഷണർ ഓഫീസിന്റെ ആഭിമുഖ്യത്തിൽ കണക്കെടുപ്പും കാർഡു വിതരണവും നടത്തിയിട്ടുണ്ടോ; എങ്കിൽ എത്ര പേർക്ക് കാർഡു നൽകി എന്നും എന്തു തുക ചെലവായി എന്നും വ്യക്തമാക്കുമോ? | (ഡി) സംസ്ഥാനത്തെ അംഗപരിമിതർക്കായുള്ള കമ്മീഷണറേറ്റിന്റെ ആഭിമുഖ്യത്തിൽ സോഷ്യൽ വെൽഫയർ ഡയറക്ടറേറ്റുമായി ചേർന്ന് 2000 മുതൽ 2009 വരെയുള്ള കാലയളവിൽ 25,39,025/- രൂപ ചെലവഴിച്ച് 1,01,561 ഐഡന്റിറ്റി കാർഡുകൾ വിതരണം നടത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ